"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം എളങ്കുന്നപ്പുഴ സർക്കാർ ന്യൂ എൽ പി സ്കൂളിന്റെ 52 സെന്റ് സ്ഥലം കൊച്ചി വൈപ്പിനിൽ സ്ഥാപിക്കുന്ന ആർട്സ് & സയൻസ് കോളേജിന് വിട്ടു നൽകി പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1169/2025/RD തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം :-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/06/2017-ലെ ഡബ്ല്യൂ (3)/35721/2017-ഡി.പി.ഐ. നമ്പർ കത്ത്.
2. പൊതു വിദ്യാഭ്യാസ (എം) വകുപ്പിന്റെ 24/01/2018 ലെ സ.ഉ (സാധാ) നം.405/2018/പൊ.വി.വ നമ്പർ ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ (എം) വകുപ്പിന്റെ ഇ.ഫയൽ നം.എം1/62/2018/പൊ.വി.വ.
4. 06/01/2025-ലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/6364/2018-L7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ എളങ്കുന്നപ്പുഴ വില്ലേജിലെ റീ സർവ്വേ 307/2-ൽ പെട്ടതും സർക്കാർ ന്യൂ എൽ പി സ്കൂൾ പ്രവർത്തിച്ചു വന്നിരുന്നതുമായ 52 സെന്റ് ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആരംഭിച്ച വൈപ്പിൻ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് വിട്ട് നല്കാവുന്നതാണെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) -ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) -ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ ഭൂമി കൈമാറ്റ ചട്ടങ്ങൾക്ക് വിധേയമായി റീ സർവ്വേ 307/2ൽ പെട്ട ഭൂമി വൈപ്പിൻ ആർട്സ് & സയൻസ് കോളേജിന് വിട്ടു നൽകി കൊണ്ട് ഉത്തരവായിരുന്നു.

2) എന്നാൽ സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിനുളള അധികാരം റവന്യൂ വകുപ്പിനാണെന്നിരിക്കെ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് നിയമ സാധുതയില്ലാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (2) -ലെ സർക്കാർ ഉത്തരവ് സാധൂകരിയ്ക്കണമെന്ന് പരാമർശം (3) പ്രകാരം, പൊതു വിദ്യാഭ്യാസ (എം) വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. കൊച്ചി താലൂക്ക് എളങ്കുന്നപ്പുഴ വില്ലേജിലെ റീസർവ്വെ 307/2 ൽ പ്പെട്ട 52 സെന്റ് ഭൂമിയിൽ വൈപ്പിൻ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് പ്രവർത്തിക്കുന്നുണ്ടെന്നും, അപ്രകാരം, റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും പരാമർശം (4) പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ (എം) വകുപ്പിന്റെ പരാമർശം (3) -ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം സർക്കാർ ന്യൂ എൽ പി സ്കൂളിന്റെ 52 സെന്റ് സ്ഥലം കൊച്ചി വൈപ്പിനിലെ ആർട്സ് & സയൻസ് കോളേജിന് വിട്ടു നൽകി അനുമതിയായ പരാമർശം (2) ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ്, ഭാവിയിൽ ഭൂമി കൈമാറ്റങ്ങളെല്ലാം തന്നെ റവന്യൂ വകുപ്പ് മുഖേന ആയിരിക്കണമെന്ന നിർദ്ദേശത്തോടെ, സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗോപകുമാർ.ആർ.എൽ

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
2.ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്,
തിരുവനന്തപുരം
4. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, എറണാകുളം
6. പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ
മീഡിയ)
8. സ്റ്റോക്ക് ഫയൽ (നം.എ3/177/2018/റവ.)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
സെക്ഷൻ ഓഫീസർ
Date: 15-05-2025 14:13:58